LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ കോളേജ് തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവിധതരം ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും ഇതിന്റെ വിതരണക്കാരെയും ഇത് ഉപയോഗിക്കുന്നവരെയും ഇത് മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് ശേഖരിച്ച് സൂക്ഷിക്കുന്നവരെയും കണ്ടുപിടിച്ച് ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിച്ച് ഈ മാരക വിപത്തിനെതിരെ ബോധവത്കരണം നടത്തിവരികയും ചെയ്യുന്നു. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്ത്, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതുവരെ കേരളത്തിൽ (30-5-2014 മുതൽ 7-7-2016 വരെ) 52711 റെയ്ഡുകൾ നടത്തുകയും അതിൽ 14904 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14426 അറസ്റ്റുകൾ രേഖപ്പെടുത്തുകയും ചെയ്തു.

## ചവറയിലെ തെരഞ്ഞെടുപ്പ് സംഘർഷം

93 (1336) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി കൊല്ലം ചവറയിൽ സംഘടിപ്പിച്ച ചാനൽ പരിപാടിയിൽ യു.ഡി.എഫ്. പ്രവർത്തകർ ആസൂത്രണം ചെയ്ത് സംഘർഷമുണ്ടാക്കുകയും എൽ.ഡി.എഫ്. സ്ഥാനാർത്ഥിയെ അക്രമിക്കുകയും ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിനെതിരെ പോലീസ് എന്തുനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു പിന്നിലെ മുഖ്യ പ്രതികൾ ആരെല്ലാമെന്നും ആസൂത്രണത്തിനു പിന്നിൽ ആരെല്ലാമുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മലയാള മനോരമ ന്യൂസ് ചാനലിന്റെ 28-4-2016-ന് നടന്ന സംവാദ പരിപാടിക്കിടെ എൽ.ഡി.എഫ്-യു.ഡി.എഫ്. പ്രവർത്തകർ തമ്മിൽ സംഘർഷ മുണ്ടാകുകയും കല്ലുകളും കസേരകളും വലിച്ചെറിഞ്ഞതിൽ വച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയും ഇപ്പോഴത്തെ ബഹുമാനപ്പെട്ട ചവറ എം.എൽ.എ.-യുമായ ശ്രീ. വിജയൻപിള്ളയ്ക്ക് പരിക്കേൽക്കുകയും ആയതിലേയ്ക്ക് ശ്രീ. വിജയൻപിള്ള വാദിയായി ചവറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1138/16 u/s 143, 147, 148, 324, 308, 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ബി) ടി കേസിൽ (1) കോൺഗ്രസ്സ് ചവറ മണ്ഡലം പ്രസിഡന്റ് ബാബു ജി. പട്ടത്താനം (2) റിനോഷോ, കോലം (3) പാലത്തറ നൗഷാദ് (4) ശങ്കരനാരായണപിള്ള, ചെറുശ്ശേരിഭാഗം (5) സന്തോഷ് (6) മിലു പിന്മന (7) കണ്ടാലറിയാവുന്ന മറ്റ് 94 പേരും പ്രതികളായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

**പോലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ**

94(1337) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്തെ പോലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ക്വാർട്ടേഴ്സുകൾ പുനരുദ്ധരിച്ച് താമസ യോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താമസയോഗ്യമല്ലാത്തവയ്ക്ക് പകരമായി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്**

95 (1338) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിന്റെ വെളിച്ചത്തിൽ എത്ര പേർ തട്ടിപ്പിന് ഇരയായെന്നും; ഇതിലൂടെത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

ഉത്തരം

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് സംബന്ധിച്ച് ശബരീനാഥ് മുഖ്യപ്രതിയായി തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിരുന്ന 34 കേസുകളിൽ ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിരുന്നു. അവയിൽ 33 കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട തിരുവനന്തപുരം ACJM കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, ഒരു കേസ് ഫാൾസായി പരിഗണിക്കുവാൻ റഫർ ചാർജ്ജ് ഹാജരാക്കിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly